**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1575 — 18.6.2012 ൽ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തോമസിന് സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) വല്ലാർപാടം കണ്ടെയ്നർ റോഡിൽ 15.10.2011-ൽ നടന്ന അപകടത്തിൽ മരണമടഞ്ഞ മകൻ സോജന്റെ പേരിൽ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചു കിട്ടുന്നതിനായി അങ്കമാലി നിയോജക മണ്ഡലത്തിൽ കറുകുറ്റി പഞ്ചായത്തിലെ ഞാലൂക്കര ലക്ഷം വീട് കോളനിയിൽ പുല്ലേലി വീട്ടിൽ തോമസ് 28/11/2011-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ തുക അനുവദിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ; | (എ) മകൻ അപകടത്തിൽ മരണപ്പെട്ടതിനാൽ ശ്രീ. തോമസിന് 11.4.2012 ലെ സ. ഉ. (ആർ.റ്റി)നമ്പർ: 2152/12/റവ. പ്രകാരം 30,000/- രൂപയും 21.6.2012 ലെ ജി.ഒ. (ആർ.റ്റി)നമ്പർ: 3501/12/റവ. പ്രകാരം. 70,000/- രൂപയുമായി ആകെ ഒരു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത ക്കുറവാണ് തുക വിതരണം ചെയ്യുന്നതിലെ കാലതാമസത്തിന് കാരണം. |
| (ബി) പ്രസ്തുത തുക എന്ന് അനുവദിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത തുക അപേക്ഷകന് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

Vaijal

സെക്ഷൻ ഓഫീസർ